**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1753 — 25.03.2013 ൽ മറുപടിയ്ക്ക്

## ചികിത്സാസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന ചികിത്സാധനസഹായം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ചികിത്സാ ധനസഹായം അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് അപേക്ഷകർക്ക് ലഭിക്കാത്തതു മൂലവും അനുവദിക്കപ്പെട്ട തുക ലഭിക്കുന്നതിലുള്ള കാലതാമസം മൂലവുംഅപേക്ഷകർ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി)<br><br>ഉണ്ട് |
| (സി) ചികിത്സാധനസഹായം അനുവദിക്കുന്നതോടൊപ്പം തന്നെ അപേക്ഷകർക്ക് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിൽ എന്തെങ്കി ലും തടസ്സമുണ്ടോയെന്നറിയിക്കുമോ; വിശദവിവരം നൽകുമോ; | (സി) അപേക്ഷകരുടെ ബാഹുല്യം നിമിത്തം ഓരോ അപേക്ഷകനും ധനസഹായം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പു നൽകുക എന്നത് പ്രായോഗികമല്ല. ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ധനസഹായമായി അനുവദിച്ച തുക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അതാത്, താലൂക്കാഫീസർമാർക്ക് നൽകുകയും, താലൂക്കിൽ നിന്നും, ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും രേഖകൾ സഹിതം ഹാജരായി സഹായധനം കൈപ്പറ്റേണ്ടതാണെന്നുമുള്ള വിവരം അപേക്ഷകനെ അറിയിക്കുന്നതുമാണ്. |
| (ഡി) ചികിത്സാ ധനസഹായം അനുവദിക്കുന്നതോടൊപ്പംതന്നെ പ്രസ്തുത തുക വിതരണം ചെയ്യുന്നതിലേക്കായി ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിൽ ആവശ്യമായ ഫണ്ടുകൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ചികിത്സാ ധനസഹായമുൾപ്പെടെയുള്ള വിവിധ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക്, മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയുടെ ട്രഷറർ ആയ ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്ന് Electronic Money Transfer മുഖേന ജില്ലാ കളക്ടർമാരുടെ Zero based Special TSB അക്കൗണ്ടിലേക്ക് കാലതാമസം കൂടാതെ തുക അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.